നം. ബി 2 -5396/2007

ജോയിന്റ് കമ്മീഷണറുടെ കാര്യാലയം,
സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്,
ടാക്സ്ടവേഴ്സ്, കരമന, തിരുവനന്തപുരം
tvmdc.ctd@kerala.gov.in
Ph:0471-2785026
തീയതി-30/12/2020

**ജില്ലാതല ജി.എസ്.റ്റി ഫെസിലിറ്റേഷൻ കമ്മിറ്റി ഡിസംബർ 2020**

2020 ഡിസംബർ മാസത്തെ ജില്ലാതല ജി.എസ്.ടി ഫെസിലിറ്റേഷൻ കമ്മിറ്റിയോഗം ഡിസംബർ 9 ◌ാം◌ം തീയതി ബുധനാഴ്ച ഉച്ച കഴിഞ്ഞ് 3 മണിക്ക് ഗൂഗിൾ മീറ്റ് വഴി നടത്തുകയുണ്ടായി. ജില്ലാതല ജോയിന്റ് കമ്മീഷണറുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ പങ്കെടുത്ത വ്യാപാരി പ്രതിനിധികളേയും വകുപ്പ് പ്രതിനിധികളേയും ജോയിന്റ് കമ്മീഷണർ സ്വാഗതം ചെയ്തു. സംസ്ഥാന നികുതിവകുപ്പിന്റെ പ്രത്യേക ക്ഷണപ്രകാരം ശ്രീ.എസ്.സുരേഷ്,സൂപ്രണ്ട്, സി.ജി.എസ്.റ്റി., യോഗത്തിൽ പങ്കെടുത്തു. മുൻ യോഗത്തിന്റെ മിനുട്സ് വായിക്കുകയും അതുമായി ബന്ധപ്പെട്ട് വകുപ്പ് തലത്തിൽ എടുത്ത നടപടികൾ വിശദീകരിക്കുകയുമുണ്ടായി.

**പങ്കെടുത്ത വകുപ്പ് പ്രതിനിധികൾ**

1. ശ്രീ. ശൈലേന്ദ്രൻ.വി , ഡെപ്യൂട്ടി കമ്മീഷണർ(ഇന്റലിജൻസ്), തിരുവനന്തപുരം. ,
2. ശ്രീ. മനു.ബി , ഡെപ്യൂട്ടി കമ്മീഷണർ, സ്പെഷ്യൽ സർക്കിൾ, തിരുവനന്തപുരം.
3. ശ്രീ. അജിൽ കുമാർ എ.സ് .വി , സ്റ്റേറ്റ് ടാക്സ് ഓഫീസർ, വർക്സ് കോൺട്രാക്റ്റ്, തിരുവനന്തപുരം.
4. ശ്രീ.ഷൈൻ എസ് , ഡെപ്യൂട്ടി കമ്മീഷണർ, തിരുവനന്തപുരം.
5. ശ്രീ. സാബുകുമാർ, ഡെപ്യൂട്ടി കമ്മീഷണർ, സ്പെഷ്യൽ സർക്കിൾ, തിരുവനന്തപുരം.

6. ശ്രീ. തരുൺ റോയ്, ഡെപ്യൂട്ടി കമ്മീഷണർ, സ്പെഷ്യൽ സർക്കിൾ, തിരുവനന്തപുരം.

7. ശ്രീ. മനേഷ് കുമാർ.വി.കെ. അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ

<u>പങ്കെടുത്ത വ്യാപാരി പ്രതിനിധികൾ</u>

1. ശ്രീ. രാമകൃഷ്ണൻ ടി.എസ് - ടി.സി.സി.ഐ
2. ശ്രീ. വിജയനാചാരി.എസ് - കെ.ടി.പി.എ
3. ശ്രീ. രോഹിത് നായർ -
4. ശ്രീ. മഹേഷ് തയ്യൂർ
5. ആൾ കേരള ഡിസ്ട്രിബ്യൂട്ടേഴ്സ്

കഴിഞ്ഞ യോഗത്തിൽ സ്വീകരിച്ച നടപടികൾ ജോയിന്റ് കമ്മീഷർ വ്യക്തമാക്കിക്കൊടുക്കുകയുണ്ടായി. വിഷ്ണു ഏജൻസീസ് എന്ന സ്ഥാപനത്തിന്റെ ചരക്ക് വാഹനങ്ങൾ പരിശോധിച്ചത് നെയ്യാറ്റിൻകര സ്ക്വാഡാണെന്ന് ഡെപ്യൂട്ടി കമ്മീഷണർ(ഇന്റലിജൻസ്) അറിയിച്ചു. പ്രസ്തുത സംഭവം നേരിട്ട് അന്വേഷിച്ചപ്പോൾ ഇ-വേ ബിൽ ഇല്ലാതെ ചരക്ക് നീക്കം നടത്തിയതുകൊണ്ടാണ് നോട്ടീസ് നൽകിയതെന്നും അകാരണമായി ചരക്ക് വാഹനങ്ങൾ തടഞ്ഞുനിർത്തി വീണ്ടുംവീണ്ടും പരിശോധന നടത്തുന്നില്ലയെന്നും ഡെപ്യൂട്ടി കമ്മീഷണർ(ഇന്റലിജൻസ്) വ്യക്തമാക്കുകയുണ്ടായി.

ജി..എസ്.ടി യിൽ പുതുതായി വന്ന മാറ്റങ്ങളെക്കുറിച്ച് ശ്രീ അജിൽകുമാർ എസ്.വി, സ്റ്റേറ്റ് ടാക്സ് ഓഫീസർ, ശ്രീ. മനേഷ് കുമാർ.വി.കെ. അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ എന്നിവർ വിശദീകരിച്ചു. യോഗത്തിൽ പ്രതിനിധികൾ ചർച്ച ചെയ്തതും ഉന്നയിച്ചതുമായ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

(1) ജി.എസ്.ടി യിൽ പുതുതായി ഉണ്ടായിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ?

ഈ മാസം ജി.എസ്.ടിയിൽ വന്നിട്ടുള്ള മാറ്റങ്ങൾ താഴെ പറയും പ്രകാരമാണ്.

81 മുതൽ 89 വരെയുള്ള നോട്ടിഫിക്കേഷനുകളാണ് ഇക്കഴിഞ്ഞ മാസം പുറപ്പെടുവിച്ചിട്ടുള്ളത്. ഇതിൽ 81/2020, 82/2020, 84/2020, 85/2020 എന്നിവ 01.01.2020 മുതൽ റിട്ടേൺ സംവിധാനത്തിൽ നടപ്പാക്കുന്ന സമഗ്രമായ മാറ്റത്തെ (QRMP SCHEME) സംബന്ധിച്ചുള്ളതാണ്. ഇതിൽ 82/2020 ഇത്തരം മാറ്റങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നടപ്പാക്കിയിട്ടുള്ള റൂൾ അമൻമെൻഡാണ്. ഈ പരിഷ്കാരങ്ങൾ വിശദമായി 143/2020 എന്ന സർക്കുലറിൽ പ്രതിപാദിച്ചിട്ടുണ്ട്.

ഇപ്പോൾ നിലവിലുള്ള റിട്ടേൺ സംവിധാനമനുസരിച്ച്1.5 കോടിയിൽ താഴെ ടേൺഓവർ ഉള്ളവർക്ക് GSTR-1 ക്വാർട്ടേർലി യായി ഓപ്റ്റ് ചെയ്യുന്നതിനുള്ള സൗകര്യമുണ്ട്.

എന്നാൽ 01.01.2021 മുതൽ നിലവിൽ വരുന്ന QRMP സ്കീം പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 5 കോടി വരെ ടേൺഓവർ ഉണ്ടായിരുന്ന നികുതി ദായകന്, GSTR-3B ത്രൈമാസികമായി ഫയൽ ചെയ്യുന്നുതിനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. ഇത്തരക്കാർക്ക് ഒരു ക്വാർട്ടറിലെ ആദ്യ രണ്ട് മാസങ്ങളിലെ നികുതി തൊട്ടടുത്ത മാസം 25ാം തീയതിക്കു മുൻപായി PMT-06 ചെല്ലാൻ വഴി കാഷ് ലഡ്ജറിലേക്ക് നിക്ഷേപിക്കേണ്ടതും, ഈ തുക മൂന്നാം മാസം GSTR-3B ഫയൽ ചെയ്യുമ്പോൾ ആയതിലേക്ക് Set Off ചെയ്യാവുന്നതാണ്. ഇത്തരത്തിൽ ചെല്ലാൻ ജനറേറ്റ് ചെയ്യുമ്പോൾ "Monthly payment for quarterly tax payer" എന്ന payment criteria select ചെയ്യേണ്ടതാണ്.

ആദ്യ രണ്ട് മാസങ്ങളിൽ ഡെപ്പോസിറ്റ് ചെയ്യേണ്ട തുക കണക്കാക്കുന്നത് രണ്ട് രീതികളിലാണ്.

1. **<u>Fixed Sum Method:</u>** കോമൺ പോർട്ടലിൽ തൊട്ട് മുൻ ക്വാർട്ടറിൽ പണമായി അടച്ച തുകയുടെ 35 ശതമാനമോ, മാസവരിയായി അടച്ചിരുന്നവർക്ക് അവസാന മാസം പണമായി അടച്ച തുകയ്ക്ക് തുല്യമായ തുകയോ, ഉൾപ്പെടുത്തിയിട്ടുള്ള pre-filled Challan ജനറേറ്റായി ലഭിക്കുന്നു. ഈ ചെല്ലാൻ വഴി പണമടയ്ക്കുന്ന രീതിയാണ് Fixed Sum Method.

2. **<u>Self Assessment Method:</u>** പ്രസ്തുത മാസത്തെ outward supply, inward supply എന്നിവയിൽ നിന്ന് നികുതിദായകൻ തന്നെ അടയ്ക്കേണ്ട തുക കണക്കാക്കി PMT-06 ൽ സ്വയം ചെല്ലാൻ ക്രീയേറ്റ് ചെയ്ത് പണം അടയ്ക്കുന്ന രീതിയാണിത്.

ഇതിൽ ഏത് രീതിയും നികുതിദായകന് സ്വീകരിക്കാവുന്നതാണ്.

3. **<u>Quarterly filing of GSTR-3B</u>:** QRMP സ്കീം ഓപ്റ്റ് ചെയ്തിട്ടുള്ളവർ ഓരോ ക്വാർട്ടറിലും,ക്വാർട്ടർ അവസാനിച്ച് അടുത്ത മാസം 22ാം തീയതിക്ക് മുൻപ് GSTR-3B ഫയൽ ചെയ്യേണ്ടതാണ്. ആദ്യത്തെ രണ്ടു മാസങ്ങളിൽ കാഷ് ലെഡ്ജറിൽ നിക്ഷേപിച്ച തുക ഈ ആവശ്യത്തിനു മാത്രം ലെഡ്ജറിൽ സൂക്ഷിക്കേണ്ടതും, GSTR-3B ഫയൽ ചെയ്യുമ്പോൾ Set Off ചെയ്യാവുന്നതുമാണ്. ഈ സമയം ഇത്തരത്തിലടച്ച ഇനത്തിൽ അധിക തുകയുണ്ടെങ്കിൽ അടുത്ത ക്വാർട്ടറിലേക്ക് ഉപയോഗിക്കുകയോ, റീഫണ്ടായി വാങ്ങുകയോ ചെയ്യാവുന്നതുമാണ്.

**<u>Revision of Option</u>** : ഒരു ഓപ്ഷൻ ഫയൽ ചെയ്തു കഴിഞ്ഞാൽ നികുതി ദായകൻ റിവൈസ് ചെയ്യുന്നതുവരെ അത് തുടരുന്നതായിരിക്കും.

**<u>Default Migration</u>**: QRMP സ്കീമിലേക്ക് മൈഗ്രേറ്റ് ചെയ്യുന്ന ഒരാൾക്ക് 2019-20 ൽ 5 കോടി വരെ മാത്രം ടേണോവർ ഉണ്ടായിരിക്കുകയും, 10/2020 വരെയുള്ള റിട്ടേൺ 30.11.2020 നകം ഫയൽ ചെയ്തിട്ടുമുണ്ടെങ്കിൽ

അത്തരക്കാർക്ക് കോമൺപോർട്ടലിൽ ഡിഫാൾട്ട് ഓപ്ഷനായി ഓപ്ഷൻ കാണിക്കാവുന്നതാണ്. ഇത് ഏത് രീതിയിലാണെന്ന് പരിശോധിക്കാം.

1) 1.5 കോടി വരെ ടേണോവർ ഉണ്ടായിരുന്ന
   GSTR-1 ക്വാർട്ടേർലിയായി ഓപ്റ്റ് ചെയ്തിരുന്നവർ - Quarterly

2) 1.5 കോടി വരെ ടേണോവർ ഉണ്ടായിരുന്ന
   GSTR-1 Monthly ഓപ്റ്റ് ചെയ്തിരുന്നവർ - Monthly

3) 1.5 Cr. to 5Cr. In the Preceding Financial Year - Quarterly

ഇത് സൗകര്യത്തിന് വേണ്ടി ചെയ്തിട്ടുള്ളതാണ്(Anticipated Behavior). എന്നാൽ ഇത് ആർക്കു വേണമെങ്കിലും 05.12.2020 മുതൽ 31.01.2020 വരെ ഡിഫാൾട്ട് ഓപ്ഷനിൽ നിന്നും സൗകര്യപ്രദമായി മാറ്റാവുന്നതാണ്.

**4. Opting Out:** ഈ സ്കീമിൽ നിന്നും തൊട്ട് മുൻ ക്വാർട്ടറിലെ രണ്ടാം മാസം 1ാം തീയതി മുതൽ , നടപ്പ് ക്വാർട്ടറിലെ ആദ്യ മാസത്തിലെ അവസാന ദിവസം വരെ Opt Out ചെയ്യാവുന്നതാണ്.

**New Registration & Opting out composition Scheme**

കോമ്പോസിഷനിൽ നിന്നും Opt Out ചെയ്യുന്നവർക്കോ, പുതിയ രജിസ്ട്രേഷൻ എടുക്കുന്നവർക്കോ ഈ ഓപ്ഷൻ സ്വീകരിക്കാവുന്നതാണ്.

**Any Person Crosses Turnover 5 Cr**.

ഏതെങ്കിലും ഒരു ക്വാർട്ടറിൽ QRMP ഓപ്റ്റ് ചെയ്ത ഒരാളുടെ ടേണോവർ 5 കോടിയിൽ കൂടിയാൽ അയാൾ അടുത്ത ക്വാർട്ടർ മുതൽ monthly return ലേക്ക് മാറേണ്ടതാണ്. ( Opt Out ചെയ്ത്)

**Application of Interest**

Fixed Sum Method ൽ ആദ്യ രണ്ടു മാസങ്ങളിൽ due date- ൽ തന്നെ deposit ചെയ്ത തുക കുറഞ്ഞു പോയാൽ ആയതിന് പലിശ ഈടാക്കുന്നതല്ല (auto

calculated) എന്നാൽ time limit കഴിഞ്ഞാണ് തുക അടച്ചിട്ടുള്ളതെങ്കിൽ section -50 പ്രകാരം interest ബാധകമാണ്.

self assessment method -ൽ ആണ് നികുതി അടച്ചിട്ടുള്ളതെങ്കിൽ വ്യത്യാസമുള്ള തുക പലിശക്ക് വിധേയമായിരിക്കും.

ആദ്യ രണ്ടു മാസങ്ങളിലെ Tax due date-നു മുൻപ് അടക്കുന്നില്ല എങ്കിൽLate Fee ചുമത്തുന്നതല്ല. എന്നാൽ മൂന്നാം മാസം GSTR-3B due date ആകുന്ന തീയതി മുതൽ നിയമാനുസൃതം Late Fee ചുമത്തുന്നതാണ്.

ഇനി QRMP scheme മായി ബന്ധപ്പെടാത്ത മറ്റ് നോട്ടിഫിക്കേഷനുകൾ പരിശോധിക്കാം

## നോട്ടിഫിക്കേഷൻ : 83/2020 10.11.2020

74/2020, 75/2020 എന്നീ നോട്ടിഫിക്കേഷനുകളെ suppress ചെയ്ത് കൊണ്ടുള്ളതാണ് ഈ നോട്ടിഫിക്കേഷൻ. Form GSTR-1 file ചെയ്യുന്നതിനുള്ള തീയതി അടുത്തമാസം 11 വരെ യാണെന്നും quarterly return opt ചെയ്തിട്ടുള്ളവർക്കു് അത് 13 ആയിരിക്കുമെന്നും notify ചെയ്തു.

## നോട്ടിഫിക്കേഷൻ : 86/2020 10.11.2020

നോട്ടിഫിക്കേഷൻ 76/2020 പിൻവലിച്ചുകൊണ്ടുള്ളതാണിത്.

## നോട്ടിഫിക്കേഷൻ : 87/2020 10.11.2020

ITC 04 file ചെയ്യുന്നതിനുള്ള തീയതി 2020 നവംബർ 30 വരെ നീട്ടി കൊണ്ടുള്ള നോട്ടിഫിക്കേഷൻ (capital goods for job work ITC)

## നോട്ടിഫിക്കേഷൻ : 88/2020 10.11.2020

നോട്ടിഫിക്കേഷൻ 61/2020, Rule 48(4) എന്നിവ പ്രകാരം e-invoice create ചെയ്യേണ്ട tax payer-ന്റെ Turnover പരിധി 500 കോടിയിലേക്ക് ഉയർത്തിയിരുന്നു .ഇത് 100 കോടിയാക്കി വീണ്ടും കുറച്ചു.

നോട്ടിഫിക്കേഷൻ : 89/2020 29.11.2020

500 കോടിക്ക് മുകളിൽ Turnoverഉള്ള Tax Payers QR code സംവിധാനം ഉപയോഗിക്കണമെന്ന് നോട്ടിഫിക്കേഷൻ 14/2020 പ്രകാരമുള്ള നിബന്ധന പാലിക്കാത്ത വർക്ക് section 125 പ്രകാരമുള്ള penalty impose ചെയ്യപെട്ടിട്ടുണ്ടെങ്കിൽ ആയത് 2021 April 1 നു മുൻപായി പാലിക്കപ്പെടുകയാണെങ്കിൽ ഈ നോട്ടിഫിക്കേഷൻ പ്രകാരം ഒഴിവാക്കുന്നതായിരിക്കും.

2) Kerala Tiles and Sanitary dealers അസോസിയേഷൻ പരിഗണനക്കായി സമർപ്പിച്ച വിഷയങ്ങൾ ക്കുള്ള വിശദീകരണം.

അസോസിയേഷൻ സമർപ്പിച്ച വിഷയ ത്തിൽ B2 C tax payersനു QRMP Scheme വളരെ ഗുണകരമാകും എങ്കിലും B2 B tax payers നു മൂന്ന് മാസത്തിലൊരിക്കൽ GSTR-1ഫയൽ ചെയ്താൽ മതിയെന്നതിനാൽ recipientനു കൃത്യമായ സമയത് ഇൻപുട്ട് ലഭ്യമാകാത്ത അവസ്ഥയുണ്ടാകുമെന്ന ആശങ്ക അറിയിക്കുകയും ആയതിനാൽ B2B tax payers നെ ഈ scheme-ൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണെ മെന്നും ആവശ്യപ്പെടുന്നുണ്ട്.

B2 C ബിസിനസ് നടത്തുന്ന വ്യാപാരികളിൽ വലിയൊരു ശതമാനം 5 കോടിക്ക് താഴെ turnover ഉള്ളവരാണ്. ഇത്തരക്കാരെ ഈ പ്രക്രിയയിൽ നിന്ന് ഒഴിവാക്കുന്നത് ഈ scheme ന്റെ ലക്ഷ്യം തന്നെ ഇല്ലാതാക്കുന്നതായിരിക്കും. IFFവഴി Invoice details upload ചെയ്യുക എന്നത് വളരെ ലളിതമായ ഒരു പ്രക്രിയയാണ്. ഇപ്പോൾ എല്ലാമാസവും 1 മുതൽ 13 വരെയുള്ള തീയതികളിലാണ് IFF വഴി invoice upload ചെയ്യുവാൻ കഴിയുന്നതെങ്കിലും ഇത് താമസിയാതെ തന്നെ real time basis ലേക്ക് ആയി തീരുന്നതാണ് . അങ്ങനെ വരുമ്പോൾ എല്ലാവ്യപാരികൾക്കും അതാത് ദിവസം തന്നെ B2 B invoice upload ചെയ്യുവാൻ സാധിക്കുന്നു. 5 കോടിക്ക് താഴെ turnover ഉള്ള ഒരു

വ്യാപാരിയെ സംബന്ധിച്ചിടത്തോളം cash pointപ്രവർത്തിക്കുന്ന ഒരാൾക്ക് ലഭിക്കുന്ന ഇടവേള സമയം ഉപയോഗിച്ച അതാത് സമയം തന്നെ IFF വഴി B2 B invoice കൾ upload ചെയ്യാവുന്നതെയുള്ളൂ. കൂടാതെ ഇപ്പോൾ100 കോടി വരെ turnover ഉള്ളവർക്ക് e-invoice സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ഇത് താമസം കൂടാതെ കുറഞ്ഞ turnover ലേക്ക് എത്തിച്ചേരുകയും ഇത്തരം വിഷയങ്ങൾക്ക് പരിഹാരമുണ്ടാകുകയും ചെയ്യുന്നു. IFF വഴി upload ചെയ്യപ്പെടുന്ന Invoice വിവരങ്ങൾ റെസിപിയെൻറ്സ് നെ view ചെയ്യുന്നതിനുള്ള സൗകര്യം portal ൽ ഉണ്ടായിരിക്കുമെന്നതിനാൽ തെറ്റുകൾ തിരുത്തുന്നതിനുള്ള അവസരം ലഭ്യമാണ്.

GST യിൽ IFF mandatory ആക്കുവാൻ സാധിക്കില്ലേ?

IFF വഴി എല്ലാ supplier മാരും എല്ലാ B2 B invoice കളും upload ചെയ്യണമെന്നതാണ് GST വകുപ്പ് വിഭാവനം ചെയ്യുന്നതെങ്കിലും ആയത് mandatory ആക്കുമ്പോൾ Late Fee തുടങ്ങിയ ബാദ്ധ്യതകൾ അവരുടെമേൽ ചുമത്തേണ്ടിവരുമെന്നതിനാൽ, ആയത് QRMP schemeന്റെ അന്തസത്തക്ക് വിരുദ്ധമാണ് .

B2 C invoice issue ചെയ്തിട്ടുള്ള 50,000/- രൂപക്ക് മുകളിൽ മൂല്യമുള്ള ഒരു ചരക്കിനു e-way bill ആവശ്യമുണ്ടോ ? നിയമമുണ്ടെങ്കിൽ വകുപ്പ് സഹിതം വ്യക്തമാക്കാമോ?

ഒരു നികുതിദായകൻ നടത്തുന്ന 50,000/- രൂപയ്ക്കുമുകളിൽ വരുന്ന ട്രാൻസാക്ഷനുകളിൽ B2C Outward Supply വരുന്ന കേസുകളിൽ ചരക്ക്, വാഹനത്തിൽ കയറ്റികൊണ്ട് പോകുന്ന സാഹചര്യത്തിൽ സാധനം കൊണ്ടുപോകുന്നത് ഒരു End customer ക്കാണെങ്കിൽ ( തുടർന്നുള്ള വില്പന ഇല്ലെങ്കിൽ) State GST Notification No. 03/2018 dtd 14.05.2018 അനുസരിച്ച് സപ്ളൈ നടക്കുന്നത് കേരളത്തിനുള്ളിൽ തന്നെയാണെങ്കിൽ, വില്പന നടത്തുന്ന നികുതിദായകന്റെ ബിസിനസ്സ്

പ്ലേസിൽ നിന്നും 25 കി.മീ വരെയുള്ള ദൂരത്തേക്കുള്ള ട്രാൻസ്പോർട്ടേഷന് സെക്ഷൻ 31 പ്രകാരമുള്ള ഇൻവോയ്സ് മാത്രം മതിയാകും. ഇ-വേ ബിൽ ആവശ്യമില്ല. ഈ സൗകര്യം തുടർന്നുള്ള വില്പനയ്ക്കായി സാധനം വാങ്ങിക്കൊണ്ടുപോകുന്ന രജിസ്ട്രേഷൻ ഇല്ലാത്ത വ്യാപാരികൾക്ക് ലഭിക്കുന്നതല്ല.

ഒപ്പ്
**സംസ്ഥാന നികുതി ജോയിന്റ് കമ്മീഷണർ**

**പകർപ്പ്:**

കമ്മീഷണർ, സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്,
അഡീഷണൽ കമ്മീഷണർ, സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്,
ശ്രീ. ടോംസ് ജോൺ ,സൂപ്രണ്ട്, സി.ജി.എസ്.റ്റി.
ശ്രീ. ബി.മനു, അസിസ്റ്റന്റ് കമ്മീഷണർ, സ്പെഷ്യൽ സർക്കിൾ തിരുവനന്തപുരം.
ശ്രീ. വി, ശൈലേന്ദ്രൻ അസിസ്റ്റന്റ് കമ്മീഷണർ (ഇന്റലിജൻസ്), തിരുവനന്തപുരം
ശ്രീ.എസ്.ഷൈൻ, അസിസ്റ്റന്റ് കമ്മീഷണർ, തിരുവനന്തപുരം
ശ്രീമതി ലെന .എസ്, അസിസ്റ്റന്റ് കമ്മീഷണർ, നെയ്യാറ്റിൻകര.
ശ്രീ. എസ്.സാബു കുമാർ, അസിസ്റ്റന്റ് കമ്മീഷണർ, സ്പെഷ്യൽ സർക്കിൾ
ശ്രീ.സജിത്.പി.എസ്, അസിസ്റ്റന്റ് കമ്മീഷണർ,സ്പെഷ്യൽ സർക്കിൾ, തിരുവനന്തപുരം.

ശ്രീ.വൈ വിജയൻ - കെ.വി.വി.ഇ.എസ്
ശ്രീ.സദാനന്ദൻ - ജനറൽമർച്ചന്റ്സ്
ശ്രീ പാപ്പനംകോട് രാജപ്പൻ - കെ.യു.വി.എ.എസ്
ശ്രീ. വർഗ്ഗീസ് വി.കെ - സെക്രട്ടറി- കെ.എസ്.എസ്. ഐ
ശ്രീ.മധുസുധനൻ നായർ. ബി. - എ.കെ.ടി.ഐ
ശ്രീ. പരമേശ്വർ. ജെ.ഡി.
ശ്രീ.കൃഷ്ണകുമാർ - എ.കെ.ഡി.എ
ശ്രീ അജിത് .കെ മാർത്താണ്ഡം - എ.കെ.ഐ.റ്റിആന്റ് എസ്.റ്റി.പി.എ
ശ്രീ. പനങ്ങോട്ടുകോണം വിജയൻ - വി.വി കോൺഗ്രസ്സ്
ശ്രീ വിജയൻ ആശാരി .എസ് - കെ.റ്റി.പി.എ

| | |
|---|---|
| ശ്രീ ഗണേഷ്.എച്ച് | - കെ.ഇ.റ്റി.എ |
| ശ്രീ. രാമകൃഷ്ണൻ ടി.എസ് | - ടി.സി.സി.ഐ |
| ശ്രീ. രോഹിത് കുമാർ | - എ.കെ.റ്റി.ഐ.എസ്.ഡി.എ |
| ശ്രീ മഹേഷ് തയ്യൂർ | - എ.കെ.ഐ.റ്റി ആൻറ് എസ്.റ്റി.പി.എ |
| ശ്രീ. അശോക്.വി | - വി.വി കോൺഗ്രസ്സ് |
| ശ്രീ. വിനോദ് പി. | - എ.കെ.ടി.ഐ |
| ശ്രീ. മധു | - കെ.എസ്. എസ്.ഐ.എ. |
| ശ്രീ. വി.അശോക് | - വി.വി കോൺഗ്രസ്സ് |
| ശ്രീ.വി.വിജയൻ ആചാരി | - കെ.റ്റി.പി.എ |
| ശ്രീ എം.ശശിധരൻ നായർ | |
| ശ്രീ. കെ.ജെ.സെബാസ്റ്റ്യൻ | - കെ.സി.ഡി.എ |
| ശ്രീ.സിതാരാമ | - എ.കെ.ജി.എസ്.എം |
| ശ്രീ. പി.ഗണേഷ് | - കെ.ഇ.ടി.എ |
| ശ്രീ. സജി മാത്യു | - സി.ഐ.എ |
| ശ്രീ. ഷിബു ജെയിംസ് | - ആർ.ഡി.എ, |
| ശ്രീ.ജോസ് സക്കറിയ | - കെ.സി.സി.ഐ.എസ്.ആർ |
| ശ്രീ.സായ് പ്രശാന്ത് | |